പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6563 | 08.11.2016 ൽ മറുപടിയ്ക്ക് |
|---|---|
| **വിവാഹ ധൂർത്തിനെതിരെ നിയമനിർമ്മാണം** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.കെ.കുഞ്ഞിരാമൻ** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്ത് വിവാഹ ധൂർത്തിനെതിരെ നിയമ നിർമ്മാണം കൊണ്ടു വരാൻ ഉദ്ദേശിക്കുന്നുണ്ടോ;<br>(ബി) എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ? | (എ) & (ബി) ആർഭാട വിവാഹങ്ങളും വിവാഹങ്ങളോട് അനുബന്ധിച്ചുള്ള ധൂർത്തും നിയന്ത്രിക്കേണ്ടത് അനിവാര്യമാണെങ്കിലും ആയത് പൗരന്റെ അവകാശങ്ങളിന്മേലുള്ള നിയന്ത്രണമായതിനാലും പലതും ഭരണഘടന അനുശാസിക്കുന്ന മൗലികാവകാശങ്ങളുടെ ലംഘനമാകാം എന്നതു കൊണ്ടും പൗരന്റെ അവകാശങ്ങളിന്മേലുള്ള കടന്നുകയറ്റങ്ങൾ സാധാരണ കോടതികൾ അനുവദിക്കാറില്ല. ആയതിനാൽ പ്രസ്തുത നിയന്ത്രണങ്ങൾ ശരിയാം വിധമല്ലാതെയായാൽ, അങ്ങനെയുള്ള ഏതു നിയമവും ഉത്തരവുകളും സർക്കുലറുകളും കോടതിയിൽ ചോദ്യം ചെയ്യപ്പെടാനിടയുണ്ട്. ഈ സാഹചര്യത്തിൽ വിവാഹധൂർത്തിനെതിരെ നിയമനിർമ്മാണം നടത്തുന്നതിനു മുൻപ് നാനാജനവിഭാഗങ്ങൾക്ക് ബോധവൽക്കരണം നടത്തുകയാണ് ആദ്യം വേണ്ടത് എന്നതിനാൽ മതമേലദ്ധ്യക്ഷൻമാരുമായും, രാഷ്ട്രീയ കക്ഷികളുമായും, സാമൂഹ്യ പ്രസ്ഥാനങ്ങളുമായും ഇത് സംബന്ധിച്ച് ഒരു സമവായത്തിലെത്തുകയും, പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ ഇതു സംബന്ധിച്ച് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും ബോധവൽക്കരണവും പൊതുജനങ്ങൾക്ക് നൽകുന്നതിനുമുള്ള പ്രാരംഭനടപടികൾ സ്വീകരിക്കുവാനും സാമൂഹ്യനീതി ഡയറക്ടർക്കും കേരള വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറിയ്ക്കും നിർദ്ദേശം നൽകിയിരുന്നു.<br>സാമൂഹ്യനീതി വകുപ്പിൻ കീഴിൽ പ്രവർത്തിച്ചു വരുന്ന മൂന്ന് മേഖലാ സ്ത്രീധനനിരോധന ഓഫീസുകൾ വഴി സ്ത്രീധനത്തെക്കുറിച്ചും വിവാഹധൂർത്തിനെക്കുറിച്ചും വിവാഹചെലവ് കുറയ്ക്കുന്നതിനെ സംബന്ധിച്ചും വ്യാപകമായ പ്രചാരണ പ്രവർത്തനങ്ങൾ നടത്തുകയും കൂടാതെ |

| | |
|---|---|
| | സമൂഹവുമായി ദൈനംദിനം ഏറ്റവും കൂടുതൽ ഇടപെടലുകൾ നടത്തുന്ന അങ്കണവാടി പ്രവർത്തകരുടെ പ്രതിമാസ പ്രോജക്ട്തല യോഗത്തിൽ വിവാഹധൂർത്തിനെക്കുറിച്ചും സ്ത്രീധന വിപത്തിനെക്കുറിച്ചും അവബോധം സൃഷ്ടിക്കുന്നതിന് പ്രവർത്തന പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പാക്കുകയും ചെയ്യുന്നു. എല്ലാ വർഷവും നവംബർ 26-ാം തീയതി സ്ത്രീധന നിരോധന ദിനാചരണം ആചരിച്ചു വരുന്നുണ്ട്. അതിനോടനുബന്ധിച്ച് ബോധവൽക്കരണ ക്ലാസ്സുകളും നടത്താറുണ്ട്. കൂടാതെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കേരള വനിതാ കമ്മീഷൻ നടത്തുന്ന കലാലയജ്യോതി, വിവാഹപൂർവ്വ കൗൺസിലിംഗ് സെമിനാറുകൾ തുടങ്ങിയവയിൽ ആഡംബര രഹിത വിവാഹം ഒരു വിഷയമായി ചർച്ച ചെയ്യാറുണ്ട്. |

സെക്ഷൻ ഓഫീസർ